# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2189** 18.03.2015-ലെ മറുപടിയ്ക്ക്

### നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച പ്രത്യേക നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | **ശ്രീ. കെ.എം. മാണി**<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| **എ)** നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ പ്രത്യേക നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | **എ)** രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും ഈ സാമ്പത്തിക വർഷത്തിൽ മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിലെ വരുമാനത്തിൽ നേരിട്ട കുറവ് പരിഹരിക്കുന്നതിനുമായി ഭൂമിയുടെ ന്യായവില 50% വർദ്ധിപ്പിച്ചു. കൂടാതെ കുടുംബാംഗങ്ങൾ തമ്മിലുള്ള ധനനിശ്ചയം, ദാനം, ഭാഗപത്രം ഒഴിവുകുറി എന്നീ ആധാരങ്ങൾക്ക് നിലനിന്നിരുന്ന രജിസ്ട്രേഷൻ ഫീസിന്റെ പരമാവധി പരിധിയായ 25000/- രൂപ നീക്കം ചെയ്തു. സർക്കാരിന് ലഭിക്കേണ്ട മുദ്രവിലയും ഫീസും ശരിയായ രീതിയിൽ നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പിനെ സംബന്ധിച്ച് മദ്യത്തിന്മേലുള്ള വില്പന നികുതി വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉല്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും വ്യാജമദ്യങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>അബ്കാരി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

റവന്യൂ വകുപ്പിൽ ലാന്റ് റവന്യൂ നികുതിയിനങ്ങളിൽ 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രകാരം ലക്ഷ്യം വച്ചിട്ടുള്ള തുക പിരിച്ചെടുക്കുന്നതിലേയ്ക്കായി 'പ്രത്യേക ഊർജ്ജിത റിവേ സമാഹരണ' നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗതാഗത വകുപ്പിൽ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് വകുപ്പിലെ ഓഫീസുകളിൽ എല്ലാ ബുധനാഴ്ചയും നികുതി പിരിവ് പ്രവർത്തനത്തിന് കൂടുതലായ സമയം ചെലവഴിക്കുന്നത് കാരണം കുടിശ്ശിക ഇനത്തിൽ കിട്ടാനുള്ള നികുതി വൻതോതിൽ പിരിക്കാൻ ഗതാഗത വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, ഒരു തീവ്രയത്ന കുടിശ്ശിക നിവാരണം 01.08.2014 മുതൽ ബുധനാഴ്ചകളിൽ നടത്തിവരുന്നു.

വാണിജ്യനികുതി വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് വേണ്ടി റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കി. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടു വരുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേക്ക വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതുപ്രകാരം സംസ്ഥാനത്തിനകത്തേക്ക വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും.

ചെക്ക്പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാരാ നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കുടിശ്ശിക അസ്സസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

നികുതി നിർണ്ണയ അധികാരികളുടെ യോഗം നടത്തി പൊട്ടൻഷ്യൽ അസസ്സ്മെന്റ് മോഡിഫൈഡ് അസസ്സ്മെന്റ് എന്നിവ സമയബന്ധിതമായി പൂർത്തിയാക്കാനും സി.എസ്.ടി അസസ്സ്മെന്റുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. RR-ൽ കിടക്കുന്ന തുകകൾ പിരിച്ചെടുക്കുന്നതിൽ

ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് ചേർത്ത് RR നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. എല്ലാ നിരുപാധിക സ്റ്റേകളും പിൻവലിച്ചിട്ടുണ്ട്. തുണിത്തരങ്ങളിന്മേലുള്ള വിറ്റുവരവ് നികുതി അടയ്ക്കാത്ത തുണിസ്ഥാപനങ്ങളുടെ അസസ്സ്മെന്റ് സമയബന്ധിതമായി പൂർത്തിയാക്കി തുടർ നടപടി സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ നികുതി നിർണ്ണയ വ്യവസ്ഥ കാര്യക്ഷമമാക്കുന്നതിനായി ആഡിറ്റ് അസസ്സ്മെന്റ് വിംഗ് പുന:സ്ഥാപിച്ചിട്ടുണ്ട്.

**ബി)** തൽഫലമായി നികുതി പിരിവിൽ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ജീവനക്കാരുടെ കുറവ് നികുതി പിരിവിനെ ബാധിച്ചിട്ടുണ്ടോ;

**ബി)** രജിസ്ട്രേഷൻ വകുപ്പിൽ ആധാരത്തിൽ നിന്നുള്ള ശരാശരി നികുതി പിരിവിൽ ഈ സാമ്പത്തികവർഷം വർദ്ധനവുണ്ടായിട്ടുണ്ട്.

വ്യാജമദ്യ വില്പനയിലൂടെ സംഭവിക്കാവുന്ന നികുതി ചോർച്ച ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ തടയുവാൻ സാധിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ജീവനക്കാരുടെ കുറവ് നികുതി പിരിവിനെ ബാധിച്ചിട്ടില്ല.

ലാന്റ് റവന്യൂ നികുതി സംബന്ധിച്ച് 2015 ജനുവരി 31 വരെയുള്ള നികുതി പിരിവ് കണക്കിലെടുക്കുമ്പോൾ ഇറിഗേഷൻ സെസ് ഒഴികെയുള്ള എല്ലാ നികുതിയിനങ്ങളിലും കഴിഞ്ഞ സാമ്പത്തിക വർഷത്തെ ജനുവരി മാസത്തേക്കാൾ കൂടുതൽ തുക പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ലാന്റ് റവന്യൂ നികുതി ഇനങ്ങളിലായി ആകെ 31.60 കോടി രൂപയുടെ വർദ്ധനവ് കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2015 ജനുവരി 31 വരെ നികുതി പിരിവിൽ ഉണ്ടായിട്ടുണ്ട്. ജീവനക്കാരുടെ കുറവ് നികുതി പിരിവിനെ ബാധിച്ചിട്ടില്ല.

വാണിജ്യ നികുതി പിരിവിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. 28.02.2015 ലെ കണക്കനുസരിച്ച് 11% വളർച്ചാ നിരക്ക് നേടാൻ സാധിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

28.02.2014 വരെ പിരിവ് - 22,404.45 കോടി

28.02.2015 വരെ പിരിവ് - 24,812.19 കോടി

വർദ്ധനവിന്റെ ശതമാനം - 11.00%

മോട്ടോർ വാഹന വകുപ്പിലും വാണിജ്യ നികുതി വകുപ്പിലും ജീവനക്കാരുടെ കുറവ് നികുതി പിരിവിനെ ബാധിക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| **സി)** വാണിജ്യനികുതി വകുപ്പിൽ ജീവനക്കാരുടെ നിലവിലെ ഒഴിവുകളുടെ വിവരം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ; | **സി) & ഡി)** വാണിജ്യനികുതി വകുപ്പിൽ ജീവനക്കാരുടെ നിലവിലെ ഒഴിവുകളുടെ വിവരം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു |
| **ഡി)** പ്രസ്തുത ഒഴിവുകൾ രൂപപ്പെട്ടത് എന്നു മുതലാണെന്ന വിവരം കൂടിയും ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടിയും വെളിപ്പെടുത്തുമോ? | |

| തസ്തിക | ഒഴിവുകളുടെ എണ്ണം | ഒഴിവുകൾ രൂപപ്പെട്ടത് |
|---|---|---|
| കൊമേഴ്സ്യൽ ടാക്സ് ഓഫീസർ | 48( നേരിട്ടുള്ള നിയമനം ) | 2013 ജനുവരി |
| എൽ. ഡി.സി | 28 | 2014 ഡിസംബർ |
| ഓഫീസ് അറ്റൻഡന്റ് | 6 | 2015 ജനുവരി, ഫെബ്രുവരി |
| ടൈപ്പിസ്റ്റ് | 6 | |
| ഡ്രൈവർ | 2 | |
| ക്ലറിക്കൽ അറ്റൻഡന്റ് | 1 | |

എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ